©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2021-2023

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 മേയ് 11<br>11th May 2021<br>1196 മേടം 28<br>28th Medam 1196<br>1943 വൈശാഖം 21<br>21st Vaisakha 1943 | നമ്പർ<br>No. 19 |

# PART III

# Forest Department

### കോന്നി ഡിവിഷൻ

ഇ-ലേലപ്പരസ്യം

നമ്പർ KNC1-2751/2021. 2021 ഏപ്രിൽ 27.

കോന്നി ഡിവിഷനിലെ മണ്ണാറപ്പാറ, നടുവത്തുമൂഴി, കോന്നി റെയിഞ്ചുകളിൽപ്പെട്ട തേക്ക് തോട്ടങ്ങളിൽനിന്നും അന്തിമവെട്ടിലൂടെ ശേഖരിച്ച ഇതോടൊപ്പം ചേർക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ നാലാംതരം തേക്ക് തടികൾ, തേക്ക് കഴകൾ, തേക്ക് ബില്ലറ്റ്, കാട്ടുമര തടികൾ, വിറക്, നടുവത്തുമൂഴി റെയിഞ്ചിൽ വ്യത്യസ്ത വന കുറ്റങ്ങളിൽ ഉൾപ്പെട്ട് പിടിച്ചെടുത്ത തൊണ്ടിത്തടികൾ എന്നിവ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) അവർകളുടെ 21-11-2015-ലെ പ്രൊ(4)-26243/13-ാം നമ്പരായി 15-12-2015-ലെ 49-ാം നമ്പർ കേരള ഗസറ്റ്, വാല്യം 4-ൽ പരസ്യപ്പെടുത്തിയിട്ടുള്ള പൊതുദർഘാസ്/ലേല വ്യവസ്ഥകൾക്കും 1-11-2016-ലെ 43-ാം നമ്പർ കേരള ഗസറ്റ്, വാല്യം 5-ൽ പരസ്യപ്പെടുത്തിയിട്ടുള്ള ലേല വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള ഇതര ലേല വ്യവസ്ഥകൾക്കും കൂടാതെ ഇതിലേക്കായി M/s MSTC Ltd.www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾക്കും വിധേയമായി ഇ-ലേലത്തിലൂടെ വിൽപ്പന നടത്തുന്നതാണ്. ചുവടെ ചേർക്കുന്ന പട്ടികയിൽ വിവരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പുറമേ, ടി ഇ-ലേലത്തിന് മുൻപുവരെ ശേഖരിച്ച് അട്ടിവെക്കുന്ന ഉൽപ്പന്നങ്ങളും ടി ഇ-ലേലത്തിൽ ഉൾപ്പെടുത്തി വിൽക്കുന്നതായിരിക്കും. ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇ-ലേലത്തിനു മുൻപ് നിയമപ്രകാരമുള്ള നിരതദ്രവ്യം ലേലം നടത്തുന്ന തീയതിക്ക് തൊട്ടു തലേദിവസം വൈകിട്ട് 5 മണിവരെ ഇ-ട്രഷറി വഴി കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അടയ്ക്കേണ്ടതാണ്. ലേലക്കാർ തങ്ങളുടെ രജിസ്റ്റർ നമ്പർ കൂടി രേഖപ്പെടുത്തേണ്ടതാണ്. ഓൺലൈനായി EMD അടയ്ക്കുന്നതിന് സാങ്കേതിക തടസ്സം നേരിടുന്ന സന്ദർഭത്തിൽ ലേലക്കാർ നാഷണലൈസ്ഡ് ബാങ്കിൽ നിന്നും കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ എടുത്തിട്ടുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ലേലം നടക്കുന്ന തീയതിക്ക് തൊട്ടുതലേ ദിവസം ഉച്ചയ്ക്ക് 2 മണിവരെ കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക്

സമർപ്പിക്കേണ്ടതാണ്. കൃത്യസമയത്ത് EMD അടച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ള വ്യക്തികൾക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. വിജയിക്കുന്ന ഇ-ലേലക്കാരൻ, ഇ-ലേലത്തുകയുടെ 35% തുക ഇ-ലേലദിവസം തന്നെ ഇ-പേയ്മെന്റായി കെട്ടിവയ്ക്കേണ്ടതാണ്. വിജയിയായ ഇ-ലേലക്കാരൻ നിയമപ്രകാരമുള്ള GST-യും നിലവിലുള്ളതുമായ വാറ്റ്, വനവികസന നികുതി, വരുമാന നികുതി, മറ്റ് ബന്ധപ്പെട്ട നികുതികൾ എന്നിവ യഥാസമയം അടയ്ക്കേണ്ടതുണ്ട്.

ഇ-ലേലപ്രമാണങ്ങളും ഇ-ലേലഷെഡ്യൂളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇ-ലേലപ്രമാണങ്ങൾ സമർപ്പിക്കാൻ www.mstcecommerce.com എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാകുന്നു.

എല്ലാ ഇ-ലേല പ്രമാണങ്ങളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ഇ-ലേല പ്രമാണങ്ങൾ www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽമാർഗ്ഗമോ ലഭിക്കുന്ന ഇ-ലേല പ്രമാണങ്ങൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ഇ-ലേല പ്രമാണത്തോടൊപ്പം സ്കാൻ ചെയ്ത ബന്ധപ്പെട്ട രേഖകൾ ഓൺലൈനായി സമർപ്പിക്കാത്തതും അവയുടെ ഒറിജിനൽ തുറക്കുന്നതിന് മുമ്പ് സമർപ്പിക്കാത്തതുമായ ഇ-ലേല പ്രമാണങ്ങൾ നിരസിക്കപ്പെടുന്നതാണ്. ഇ-ലേലവുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ എൻ. ഐ. സി.-യിൽ നിന്നോ www.mstcecommerce.com വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന Helpdesk-ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. കരാറുകാർ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനം വകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുൻപായി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും അളവും നേരിൽ കണ്ട് ബോദ്ധ്യപ്പെട്ടുകൊള്ളേണ്ടതാണ്. ഇ-ലേലത്തിന് ശേഷമുള്ള പരാതികൾ പരിഗണിക്കുന്നതല്ല. ഈ വിജ്ഞാപന തീയതിക്ക് മുമ്പായി ദർഘാസ്/ലേലം സംബന്ധമായി സർക്കാർ ഉത്തരവുകൾ എന്തെങ്കിലും ഉണ്ടായാൽ ആയതും ടി ഇ-ലേലത്തിന് ബാധകമായിരിക്കും. വിൽപ്പനയ്ക്ക് വച്ചിട്ടുള്ള ഉൽപ്പന്നങ്ങൾ ഏതെങ്കിലും സർക്കാർ വകുപ്പുകൾക്ക് ആവശ്യമായി വരുന്നപക്ഷം ആയത് കഴിച്ചുള്ള ഉൽപ്പന്നങ്ങൾ മാത്രമേ വിൽക്കുകയുള്ളൂ. തോട്ടത്തിലെ ജോലികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ ലേലത്തിന് മുമ്പുവരെ ഡമ്പിംഗ് ഡിപ്പോയിൽ ഇറക്കി ലോട്ട് ചെയ്യുന്ന ഉൽപ്പന്നങ്ങൾകൂടി ടി ഇ-ലേലത്തിൽ ഉൾപ്പെടുത്തി വിൽക്കുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നോ നടുവത്തുമൂഴി/മണ്ണാറപ്പാറ റെയിഞ്ചാഫീസുകളിൽ നിന്നോ എല്ലാ പ്രവൃത്തി ദിവസങ്ങളിലും അറിയാവുന്നതാണ്.

**പട്ടിക-1**

| *റെയിഞ്ച്* | *തോട്ടത്തിന്റെ പേര്* | *ഉൽപ്പന്നങ്ങൾ അട്ടിവച്ചിരിക്കുന്ന സ്ഥലം* | *ഉൽപ്പന്നത്തിന്റെ ഇനം* | *അളവ് (ഉദ്ദേശം)* | *റിമാർക്സ്* |
|---|---|---|---|---|---|
| മണ്ണാറപ്പാറ | 2004 കടമ്പുപാറ തേക്ക് തോട്ടം (ഒന്നാം ഇടവെട്ട്) | 1970 റ്റി. പി. ചെമ്പനരുവി ഡമ്പിംഗ് ഡിപ്പോ | നാലാംതരം തേക്ക് തടികൾ | 2 x 0.479 $m^3$ | 1 ലോട്ട് |
| | | | അഞ്ചാംതരം തേക്ക് കഴകൾ | 400 Nos. | 1 ലോട്ട് |
| | | | തേക്ക് തടികൾ 60 cm താഴെ | 1 x 0.980 $m^3$ | 1 ലോട്ട് |

**പട്ടിക-2**

| *റെയിഞ്ച്* | *തോട്ടത്തിന്റെ പേര്* | *ഉൽപ്പന്നങ്ങൾ അട്ടിവച്ചിരിക്കുന്ന സ്ഥലം* | *ഉൽപ്പന്നത്തിന്റെ ഇനം* | *അളവ് (ഉദ്ദേശം)* | *റിമാർക്സ്* |
|---|---|---|---|---|---|
| നടുവത്തുമൂഴി | 1964 പെരുന്തോമൂഴി തേക്ക് തോട്ടം | പെരുന്തോമൂഴി ഡമ്പിംഗ് ഡിപ്പോ | തേക്ക് തടി Below 60 | 3 x 0.273 $m^3$ | 1 ലോട്ട് |
| | | | തേക്ക് കഴകൾ IIc | 2 Nos. | 1 ലോട്ട് |

**പട്ടിക-3**

| റെയിഞ്ച് | തോട്ടത്തിന്റെ പേര് | ഉൽപ്പന്നങ്ങൾ അട്ടിവച്ചിരിക്കുന്ന സ്ഥലം | ഉൽപ്പന്നത്തിന്റെ ഇനം | അളവ് (ഉദ്ദേശം) | റിമാർക്സ് |
|---|---|---|---|---|---|
| നടുവത്തുമൂഴി | 1946 പറക്കുളം തേക്ക് തോട്ടം | കടിയാർ ഡമ്പിംഗ് സൈറ്റ് | കാട്ട് തടികൾ | | |
| | | | കരിങ്ങഴ | 15 x 3.807 $M^3$ | 1 ലോട്ട് |
| | | | മണിമരുതി | 2 x 0.422 $M^3$ | 1 ലോട്ട് |
| | | | പൂച്ചക്കടമ്പ് | 3 x 0.771 $M^3$ | 1 ലോട്ട് |
| | | | പൂവണ്ണ് | 27 x 6.027 $M^3$ | 1 ലോട്ട് |
| | | | പുന്ന | 8 x 1.750 $M^3$ | 1 ലോട്ട് |
| | | | ഉതി | 4 x 0.946 $M^3$ | 1 ലോട്ട് |
| | | | വെള്ളീട്ടി | 2 x 0.379 $M^3$ | 1 ലോട്ട് |
| | | | വെട്ടി | 3 x 0.631 $M^3$ | 1 ലോട്ട് |

**പട്ടിക-4**

| റെയിഞ്ച് | തോട്ടത്തിന്റെ പേര് | ഉൽപ്പന്നങ്ങൾ അട്ടിവച്ചിരിക്കുന്ന സ്ഥലം | ഉൽപ്പന്നത്തിന്റെ ഇനം | അളവ് (ഉദ്ദേശം) | റിമാർക്സ് |
|---|---|---|---|---|---|
| നടുവത്തുമൂഴി | 1951 തേക്ക് തോട്ടം വയക്കര (ഫൈനൽ ഫെല്ലിംഗ്) | വയക്കര ഡമ്പിംഗ് ഡിപ്പോ | കാട്ട് തടികൾ | | |
| | | | മഴുക്കാഞ്ഞിരം | 7 x 1.784 $M^3$ | 1 ലോട്ട് |
| | | | പൂവം | 17 x 4.355 $M^3$ | 1 ലോട്ട് |

**പട്ടിക-5**

| റെയിഞ്ച് | തോട്ടത്തിന്റെ പേര് | ഉൽപ്പന്നങ്ങൾ അട്ടിവച്ചിരിക്കുന്ന സ്ഥലം | ഉൽപ്പന്നത്തിന്റെ ഇനം | അളവ് (ഉദ്ദേശം) | റിമാർക്സ് |
|---|---|---|---|---|---|
| നടുവത്തുമൂഴി | 1948 കരിപ്പാൻതോട് തേക്ക് തോട്ടം | നടുവത്തുമൂഴി ഡമ്പിംഗ് സൈറ്റ് | കരിങ്ങഴ | 32 x 8.03 $M^3$ | 2 ലോട്ട് |
| | | | മഴുക്കാഞ്ഞിരം | 32 x 7.577 $M^3$ | 2 ലോട്ട് |
| | | | പുന്ന | 37 x 9.029 $M^3$ | 2 ലോട്ട് |
| | | | ആഞ്ഞിലി | 3 x 0.834 $M^3$ | 1 ലോട്ട് |
| | | | ആരംപുളി | 5 x 0.914 $M^3$ | 1 ലോട്ട് |
| | | | പൂച്ചക്കടമ്പ് | 7 x 1.720 $M^3$ | 1 ലോട്ട് |

**പട്ടിക-6**

| റെയിഞ്ച് | തോട്ടത്തിന്റെ പേര് | ഉൽപ്പന്നങ്ങൾ അട്ടിവച്ചിരിക്കുന്ന സ്ഥലം | ഉൽപ്പന്നത്തിന്റെ ഇനം | അളവ് (ഉദ്ദേശം) | റിമാർക്സ് |
|---|---|---|---|---|---|
| നടുവത്തുമൂഴി | 1952 കാവനാമൂഴി തേക്ക് തോട്ടം | കടിയാർ ഡമ്പിംഗ് സൈറ്റ് | നാലാം തരം തേക്ക് തടികൾ | 37.546 $M^3$ | |
| | | | രണ്ടാം തരം തേക്ക് കഴകൾ | 50 Nos. | |
| | | | മൂന്നാം തരം തേക്ക് കഴകൾ | 150 Nos. | |
| | | | നാലാം തരം തേക്ക് കഴകൾ | 49 Nos. | |
| | | | തേക്ക് ബില്ലറ്റ് | 19.25 MT | |
| | | | തേക്ക് തടികൾ Below 60 | 2.262 $M^3$ | |
| | | | കാട്ട് തടികൾ | 10.394 $M^3$ | |

**പട്ടിക-7**

| റെയിഞ്ച് | തോട്ടത്തിന്റെ പേര് | ഉൽപ്പന്നങ്ങൾ അട്ടിവച്ചിരിക്കുന്ന സ്ഥലം | ഉൽപ്പന്നത്തിന്റെ ഇനം | അളവ് (ഉദ്ദേശം) | റിമാർക്സ് |
|---|---|---|---|---|---|
| കോന്നി | 1955 ഉമയംകുപ്പ തേക്ക് തോട്ടം | പെരുമല ഡമ്പിംഗ് ഡിപ്പോ | തേക്ക് കഴകൾ III | 100 Nos. | 1 ലോട്ട് |
| | | | തേക്ക് കഴകൾ IV | 47 Nos. | 1 ലോട്ട് |

**പട്ടിക-8**

| റെയിഞ്ച് | തോട്ടത്തിന്റെ പേര് | ഉൽപ്പന്നങ്ങൾ അട്ടിവച്ചിരിക്കുന്ന സ്ഥലം | ഉൽപ്പന്നത്തിന്റെ ഇനം | അളവ് (ഉദ്ദേശം) | റിമാർക്സ് |
|---|---|---|---|---|---|
| കോന്നി | 1953 കാഞ്ഞിരപ്പാറ തേക്ക് തോട്ടം (അന്തിമവെട്ട്) | 1979 തേക്ക് തോട്ടം കുമ്മണ്ണൂർ ഡമ്പിംഗ് ഡിപ്പോ | കാട്ട് തടികൾ | | |
| | | | മണിമരുതി | 0.141 $M^3$ | 1 ലോട്ട് |
| | | | അഴമരം | 0.292 $M^3$ | 1 ലോട്ട് |
| | | | മഞ്ഞക്കടമ്പ് | 0.365 $M^3$ | 1 ലോട്ട് |
| | | | കടമരം | 0.168 $M^3$ | 1 ലോട്ട് |

**പട്ടിക-9**

| റെയിഞ്ച് | തോട്ടത്തിന്റെ പേര് | ഉൽപ്പന്നങ്ങൾ അട്ടിവച്ചിരിക്കുന്ന സ്ഥലം | ഉൽപ്പന്നത്തിന്റെ ഇനം | അളവ് (ഉദ്ദേശം) | റിമാർക്സ് |
|---|---|---|---|---|---|
| കോന്നി | 1948 പാറക്കടവ് തേക്ക് തോട്ടം (അന്തിമവെട്ട്) | 1979 തേക്ക് തോട്ടം കുമ്മണ്ണൂർ ഡമ്പിംഗ് ഡിപ്പോ | കാട്ട് തടികൾ | | |
| | | | ഉന്നം | 11 x 1.841 $M^3$ | 1 ലോട്ട് |
| | | | വെൺ തേക്ക് | 7 x 1.303 $M^3$ | 1 ലോട്ട് |
| | | | മണിമരുതി | 1 x 0.179 $M^3$ | 1 ലോട്ട് |
| | | | കാഞ്ഞിരം | 1 x 0.191 $M^3$ | 1 ലോട്ട് |
| | | | മലമ്പുന്ന | 3 x 0.454 $M^3$ | 1 ലോട്ട് |
| | | | തേമ്പാവ് | 2 x 0.304 $M^3$ | 1 ലോട്ട് |

**പട്ടിക-10**

| റെയിഞ്ച് | തോട്ടത്തിന്റെ പേര് | ഉൽപ്പന്നങ്ങൾ അട്ടിവച്ചിരിക്കുന്ന സ്ഥലം | ഉൽപ്പന്നത്തിന്റെ ഇനം | അളവ് (ഉദ്ദേശം) | റിമാർക്സ് |
|---|---|---|---|---|---|
| കോന്നി | 1976 ആദിച്ചൻപ്പാറ തേക്ക് തോട്ടം (20.8 Ha) ഫൈനൽ തിന്നിംഗ് | കുമ്മണ്ണൂർ ഡമ്പിംഗ് സൈറ്റ് | തേക്ക് തടി നാലാംതരം (Short log) | 2 x 0.176 $M^3$ | 1 ലോട്ട് |

**പട്ടിക-11**

| റെയിഞ്ച് | തോട്ടത്തിന്റെ പേര് | ഉൽപ്പന്നങ്ങൾ അട്ടിവച്ചിരിക്കുന്ന സ്ഥലം | ഉൽപ്പന്നത്തിന്റെ ഇനം | അളവ് (ഉദ്ദേശം) | റിമാർക്സ് |
|---|---|---|---|---|---|
| കോന്നി | 1968 മുണ്ടോംമൂഴി തേക്ക് തോട്ടം ഫൈനൽ തിന്നിംഗ് | പേരുവാലി ഡമ്പിംഗ് സൈറ്റ് | തേക്ക് തടി (below specification) | 19 x 1.613 $M^3$ | 1 ലോട്ട് |

പട്ടിക-12

| *റെയിഞ്ച്* | *തോട്ടത്തിന്റെ പേര്* | *ഉൽപ്പന്നങ്ങൾ അട്ടിവച്ചിരിക്കുന്ന സ്ഥലം* | *ഉൽപ്പന്നത്തിന്റെ ഇനം* | *അളവ് (ഉദ്ദേശം)* | *റിമാർക്സ്* |
|---|---|---|---|---|---|
| നടുവത്തുമൂഴി | തൊണ്ടി തടികൾ | നടുവത്തുമൂഴി റെയിഞ്ച് | നാലാം തരം തേക്ക് തടികൾ | 1 x 0.116 $M^3$ | 1 ലോട്ട് |
| | | | രണ്ടാം തരം തേക്ക് തടികൾ (Short log) | 8 x 1.472 $M^3$ | 2 ലോട്ട് |
| | | | മൂന്നാം തരം തേക്ക് തടികൾ | 2 x 0.358 $M^3$ | 1 ലോട്ട് |
| | | | മൂന്നാം തരം തേക്ക് തടികൾ (Short log) | 10 x 1.105 $M^3$ | 1 ലോട്ട് |

ഇ-ലേല തീയതിയും സമയവും—31-5-2021—മണ്ണാറപ്പാറ, നടുവത്തുമൂഴി, കോന്നി റെയിഞ്ചിൽ ഉച്ചയ്ക്ക് 1.30 മണി.

10-6-2021—മണ്ണാറപ്പാറ, നടുവത്തുമൂഴി, കോന്നി റെയിഞ്ചിൽ രാവിലെ 11.30 മണി.

28-6-2021—മണ്ണാറപ്പാറ, നടുവത്തുമൂഴി, കോന്നി റെയിഞ്ചിൽ ഉച്ചയ്ക്ക് 1.30 മണി.

8-7-2021—മണ്ണാറപ്പാറ, നടുവത്തുമൂഴി, കോന്നി റെയിഞ്ചിൽ രാവിലെ 11.30 മണി.

ഇ-ലേല പ്രമാണങ്ങൾ വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതി—31-5-2021, 10-6-2021, 28-6-2021, 8-7-2021.

നിരതദ്രവ്യം: :

തേക്ക് തടികൾ—₹ 50,000.

മറ്റിനം തടികൾ—₹ 25,000.

തേക്ക്കഴ, ബില്ലറ്റ്, പാഴ്മര വിറക്—₹ 20,000.

ഉദ്ദേശ വില—₹ 2,00,00,000.

ഇ-ലേലത്തിൽ ഏറ്റവും കൂടിയ ഉചിതമായ തുക രേഖപ്പെടുത്തുന്ന ലേലക്കാരുടെ പേരിൽ ഇ-ലേലം സ്ഥിരപ്പെടുത്തുന്നതാണ്.

ഇ-ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ബാംഗ്ലൂർ എം. എസ്. റ്റി. സി. ലിമിറ്റഡിന്റെ ഓൺലൈനിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇ-ലേല നിബന്ധനകൾ എം. എസ്. റ്റി. സി. ലിമിറ്റഡിന്റെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾ കോന്നി ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ കാര്യാലയത്തിൽ നിന്നോ കോന്നി റെയിഞ്ച് ഫോറസ്റ്റാഫീസറുടെ കാര്യാലയത്തിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, കോന്നി—0468-2242233

റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, മണ്ണാറപ്പാറ—0475-2331199

റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, നടുവത്തുമൂഴി—0468-2242459

റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, കോന്നി—0468-2342005.

No. KNC1-2751/2021. *27th April 2021.*

It is hereby notified that Teak Timber IV, JW Timber, Teak Poles, Teak Billets and JWFW collected from the final felling areas of Mannarappara, Naduvathumoozhy & Konni Ranges of Konni Division and seized thondy materials involved various offences in Naduvathumoozhy Range will be sold through e-auction as shown in the schedule, by M/s MSTC Ltd., Bangalore, subject to the conditions published by the M/s. MSTC Ltd., and in the Kerala Gazette No. 36, Vol. III, Part III dated 16-9-2014, Kerala Gazette No. 43, Vol. III, Part III, dated 4-11-2014, Kerala Gazette No. 8, Vol. IV, Part III, dated 24-2-2015, Kerala Gazette No. 34, Vol. IV, Part III dated 25-8-2015, Kerala Gazette No. 40, Vol. IV, Part III dated 13-10-2015 & Kerala Gazette No. 43, Vol. V, Part III dated 1-11-2016 and vide Notification No. Pro. (4) 26243/13, dated 21-11-2015 & 26-9-2016 of the Additional Principal Chief Conservator of Forests (P), Thiruvananthapuram and other conditions prevalent in the Forest Department. Besides the quantity shown in the schedule, the quantity if any delivered to dumping sites before the date of e-auction and that could be lotted immediately before the e-auction will also be placed in the e-auction.

EMD can be remitted through e-treasury till 5 p. m. on the previous day of the auction. The buyer registration number has to be mentioned while paying the EMD. For the benefit of the bidders who are not well versed with online transactions. Divisional Forest Officer, Konni will accept EMD in the form of Demand Draft payable at any Nationalized Bank drawn in favour of Divisional Forest Officer, Konni concerned, as was done in the old system, till 2 p. m. on the previous day of auction. Successful bidders will have to remit 35% of the bid amount on the e-auction date itself through e-payment. Successful bidders will also have to remit the balance value, GST, Forest Development Tax, Income Tax and such other taxes that are prevailing at the time of e-auction within the stipulated time limit.

e-Auction documents and connected records are available in the website www.mstcecommerce.com. For submission of e-auction visit the website www.mstcecommerce.com. All bids/e-auction documents are to be submitted online only and in the designated online cover (s)/envelope (s) on www.mstcecommerce.com. The e-auction documents submitted manually/through post will not be entertained.

Online e-auction/bids are to be accompanied with relevant documents. e-Auction/bids received online without the scanned copies of relevant documents will not be considered and shall be summarily rejected. Any further clarification on this e-Auction can be obtained from NIC/the e-auction helpdesk number available in the website www.mstcecommerce.com and from the office of the Divisional Forest Officer, Konni/Range Office, Konni and Mannarappara during the office hours. The Forest Department will not be responsible for any inconvenience or loss to the Bidder while uploading/ downloading the bid.

Intending persons may ensure the quantity and quality of materials put up for e-auction before the commencement of the same and no complaints will be entertained after the e-auction. In case any Govt. Department requires any of the materials put up for the e-auction, the quantity remaining after their selection only will be re-auctioned. The quantity that may become ready for sale after the publication of this notification will also be included in the e-auction. Any further notification to the sale conditions that may be issued by the Government after the issuance of this notification will also be applicable to this e-auction. The unsold materials in the e-auction will be re-auctioned.

Further details and information can be had from this office or the concerned Range Office during the working hours.

Schedule-1

| *Range* | *Name of Plantation* | *Name of Dumping site* | *Species & Class* | *Quantity* | *Remarks* |
|---|---|---|---|---|---|
| Mannarappara | 2004 TP Kadampupara | 1970 TP Chempanaruvi | Teak Timber IV | 2 x 0.479 $M^3$ | 1 Lot |
| | | | Teak Poles V | 400 Nos. | 1 Lot |
| | | | Teak timber below specification | 1 x 0.980 $M^3$ | 1 Lot |

Schedule-2

| *Range* | *Name of Plantation* | *Name of Dumping site* | *Species & Class* | *Quantity* | *Remarks* |
|---|---|---|---|---|---|
| Naduvathumoozhi | 1964 Peruthomoozhi TP | Perunthomoozhi dumping site | Teak Timber below 60 | 3 x 0.273 $M^3$ | 1 Lot |
| | | | Teak Poles II C | 2 Nos. | 1 Lot |

SCHEDULE-3

| *Range* | *Name of Plantation* | *Name of Dumping site* | *Species & Class* | *Quantity* | *Remarks* |
|---|---|---|---|---|---|
| Naduvathumoozhi | 1946 Parakulam TP | Kadiyar dumping site | **Jungle wood logs** | | |
| | | | Karingazha | 15 x 3.807 $M^3$ | 1 Lot |
| | | | Manimaruthi | 2 x 0.422 $M^3$ | 1 Lot |
| | | | Poochakadampu | 33 x 0.771 $M^3$ | 1 Lot |
| | | | Poovannu | 27 x 6.027 $M^3$ | 1 Lot |
| | | | Punna | 8 x 1.75 $M^3$ | 1 Lot |
| | | | Uthi | 4 x 0.946 $M^3$ | 1 Lot |
| | | | Velleetti | 2 x 0.379 $M^3$ | 1 Lot |
| | | | Vetti | 3 x 0.631 $M^3$ | 1 Lot |

SCHEDULE-4

| *Range* | *Name of Plantation* | *Name of Dumping site* | *Species & Class* | *Quantity* | *Remarks* |
|---|---|---|---|---|---|
| Naduvathumoozhi | 1951 TP Vayakkara | Vayakkara | **Jungle wood timber** | | |
| | | | Poovam | 17 x 4.355 $M^3$ | 1 Lot |
| | | | Mazhukkanjiram | 7 x 1.784 $M^3$ | 1 Lot |

SCHEDULE-5

| *Range* | *Name of Plantation* | *Name of Dumping site* | *Species & Class* | *Quantity* | *Remarks* |
|---|---|---|---|---|---|
| Naduvathumoozhi | 1948 TP Karippanthodu (Final felling) | Naduvathumoozhi dumping site | Karingazha | 32 x 8.03 $M^3$ | 2 Lot |
| | | | Mazhukanjiaram | 32 x 7.577 $M^3$ | 2 Lot |
| | | | Punna | 37 x 9.029 $M^3$ | 2 Lot |
| | | | Anjili | 3 x 0.834 $M^3$ | 1 Lot |
| | | | Arampuli | 5 x 0.914 $M^3$ | 1 Lot |
| | | | Poochakadampu | 7 x 1.720 $M^3$ | 1 Lot |

SCHEDULE-6

| *Range* | *Name of Plantation* | *Name of Dumping site* | *Species & Class* | *Quantity* | *Remarks* |
|---|---|---|---|---|---|
| Naduvathumoozhi | 1952 TP Kavanamoozhy (Final felling) | Kadiyar dumping site | Teak timber IV | 37.546 $M^3$ | |
| | | | Teak pole IIC | 50 Nos. | |
| | | | Teak pole III | 150 Nos. | |
| | | | Teak pole IV | 49 Nos. | |
| | | | Teak billet | 19.25 MT | |
| | | | Teak timber below 60 | 2.262 $M^3$ | |
| | | | Jungle wood timber | 10.394 $M^3$ | |

Schedule-7

| *Range* | *Name of Plantation* | *Name of Dumping site* | *Species & Class* | *Quantity* | *Remarks* |
|---|---|---|---|---|---|
| Konni | 1955 Umayamkuppa TP | Perumala dumping site | Teak poles-III | 1933 Nos. | 19 Lots |
| | | | Teak poles-IV | 647 Nos. | 4 Lots |

Schedule-8

| *Range* | *Name of Plantation* | *Name of Dumping site* | *Species & Class* | *Quantity* | *Remarks* |
|---|---|---|---|---|---|
| Konni | Kanjirappara | 1979 TP Kummannoor | **Jungle wood timber** | | |
| | | | Manimaruti | 0.141 $M^3$ | 1 Lot |
| | | | Mazhamaram | 0.292 $M^3$ | 1 Lot |
| | | | Manjakadampu | 0.365 $M^3$ | 1 Lot |
| | | | Kadamaram | 0.168 $M^3$ | 1 Lot |

Schedule-9

| *Range* | *Name of Plantation* | *Name of Dumping site* | *Species & Class* | *Quantity* | *Remarks* |
|---|---|---|---|---|---|
| Konni | 1948 TP Parakkadavu | 1979 TP Kummannoor | **Jungle wood timber** | | |
| | | | Unnam | 11 x 1.841 $M^3$ | 1 Lot |
| | | | Venteak | 7 x 1.303 $M^3$ | 1 Lot |
| | | | Manimaruti | 1 x 0.179 $M^3$ | 1 Lot |
| | | | Kanjiram | 1 x 0.191 $M^3$ | 1 Lot |
| | | | Malmpunna | 3 x 0.454 $M^3$ | 1 Lot |
| | | | Thempavu | 2 x 0.304 $M^3$ | 1 Lot |

Schedule-10

| *Range* | *Name of Plantation* | *Name of Dumping site* | *Species & Class* | *Quantity* | *Remarks* |
|---|---|---|---|---|---|
| Konni | 1976 Adichanpara TP (20.8 Ha) Final thinning | Kummannoor Dumping site | Teak timber (Short log) | 2 x 0.176 $M^3$ | Teak timber (Short log) |

Schedule-11

| *Range* | *Name of Plantation* | *Name of Dumping site* | *Species & Class* | *Quantity* | *Remarks* |
|---|---|---|---|---|---|
| Konni | 1968 Mundomoozhy TP Final thinning | Peruvally Dumping site | Teak timber Below specification | 19 x 1.613 $M^3$ | 1 Lot |

Schedule-12

| *Range* | *Name of Plantation* | *Name of Dumping site* | *Species & Class* | *Quantity* | *Remarks* |
|---|---|---|---|---|---|
| Naduvathumoozhi | Thondi Materials | Naduvathumoozhi | Teak timber 4th C | 1 x 0.116 $M^3$ | 1 Lot |
| | | | Teak timber 2nd C | | |
| | | | Short log | 8 x 1.472 $M^3$ | 2 Lot |
| | | | Teak timber 3rd C | 2 x 0.358 $M^3$ | 1 Lot |
| | | | Teak timber 3rd C | | |
| | | | Short log | 10 x 1.105 $M^3$ | 1 Lot |

Date and time of e-auction—31-5-2021 Mannarappara, Naduvathumoozhy & Konni ranges at 1.30 p.m.

10-6-2021 Mannarappara, Konni & Naduvathumoozhy ranges at 11.30 a.m.

28-6-2021 Mannarappara, Naduvathumoozhy & Konni ranges at 1.30 p.m.

8-7-2021 Mannarappara, Konni & Naduvathumoozhy ranges at 11.30 a.m.

Date from which the e-auction notification and relevant documents will be available in the website—31-5-2021, 10-6-2021, 28-6-2021, 8-7-2021.

Earnest Money Deposit :

Teak timber—₹ 50,000.

Jungle wood timber—₹ 25,000.

Teak poles, Billets & Firewood—₹ 20,000.

Approximate Amount—₹ 2,00,00,000.

The e-auction will be knocked down in the name of the highest bidders.

Those who are interested to participate in the e-auction should be registered buyer online with MSTC Limited, Bangalore. Conditions for e-auction will be available at the website www.mstcecommerce.com.

Telephone No. Divisional Forest Office, Konni—0468-2242233.

Range Forest Officer, Mannarappara—0475-2331199.

Range Forest Officer, Naduvathumoozhy—0468-2242459.

K. N. Syam Mohan Lal IFS,
*Divisional Forest Officer,*
(For and on behalf of the Governor of Kerala).

Divisional Forest Office,
Konni.

## സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, പാലക്കാട്

### ദർഘാസ് പരസ്യം

നമ്പർ പി1-879/2021. 2021 മേയ് 6.

കേരള വനം വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സർക്കാർ ഉത്തരവ് ജി. ഒ. (എം. എസ്.) നമ്പർ 26/17/എഫ് & ഡബ്ല്യു.എൽ.ഡി. തീയതി 20-5-2017 പ്രകാരം നിലവിൽ യോഗ്യരായ 'എ, ബി, സി' ക്ലാസ് കരാറുകാരിൽ നിന്നും താഴെ പട്ടികയിൽ വിവരിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നതിന് ദർഘാസ് ക്ഷണിക്കുന്നു. കരാറുകാർ വനംവകുപ്പിൽ നിലവിലുള്ളതും സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതുമായ എല്ലാ നിബന്ധനകളും വ്യവസ്ഥകളും പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ്. ദർഘാസ് പ്രമാണങ്ങളും ദർഘാസ് ഷെഡ്യൂളുകളും താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന്റെ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിരതദ്രവ്യം ഷെഡ്യൂൾഡ് ബാങ്കിൽ നിന്നോ പൊതുമേഖലാ ബാങ്കിൽ നിന്നോ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സോഷ്യൽ ഫോറസ്ട്രി, പാലക്കാടിന്റെ പേരിൽ മാറാവുന്ന വിധത്തിൽ ഡിമാന്റ് ഡ്രാഫ്റ്റ് എടുക്കേണ്ടതാണ്. ദർഘാസ് ഫോറത്തിന്റെ വില പണമായോ ഡിമാന്റ് ഡ്രാഫ്റ്റായോ അടയ്ക്കാവുന്നതാണ്.

#### പട്ടിക-1

| ഡിവിഷന്റെ പേര് | ജോലിയുടെ പേര് | തൈകൾ സൂക്ഷിച്ചിട്ടുള്ള സ്ഥലം | തൈകൾ എത്തിച്ചുകൊടുക്കേണ്ട സ്ഥലം | തൈകളുടെ ഏകദേശ എണ്ണം | അടങ്കൽ തുക ₹ | ദർഘാസ് പത്രവില ₹ | നിരത ദ്രവ്യം ₹ |
|---|---|---|---|---|---|---|---|
| സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, പാലക്കാട് | കൂടയിലാക്കിയ (18 X 12 സെ.മീ) വൃക്ഷതൈകൾ വാഹനത്തിൽ എത്തിച്ചു കൊടുക്കൽ | വള്ളിക്കോട് ജില്ലാ സ്ഥിരം നഴ്സറി | പാലക്കാട് സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ചിലെ വിവിധ പ്ലാന്റിംഗ് സൈറ്റുകളിൽ | 50000 | 1,95,000 | 500+ ജി.എസ്.ടി 12% | 5,000 |

#### പട്ടിക-2

| ഡിവിഷന്റെ പേര് | ജോലിയുടെ പേര് | തൈകൾ സൂക്ഷിച്ചിട്ടുള്ള സ്ഥലം | തൈകൾ എത്തിച്ചുകൊടുക്കേണ്ട സ്ഥലം | തൈകളുടെ ഏകദേശ എണ്ണം | അടങ്കൽ തുക ₹ | ദർഘാസ് പത്രവില ₹ | നിരത ദ്രവ്യം ₹ |
|---|---|---|---|---|---|---|---|
| സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, പാലക്കാട് | കൂടയിലാക്കിയ (18 X 12 സെ.മീ) വൃക്ഷതൈകൾ വാഹനത്തിൽ എത്തിച്ചു കൊടുക്കൽ | കടമ്പഴിപ്പുറം, വാടാനാംകുറിശ്ശി, കൂറ്റനാട് നഴ്സറികൾ | മണ്ണാർക്കാട് സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ചിലെ വിവിധ പ്ലാന്റിംഗ് സൈറ്റുകളിൽ | 20000 | 90,000 | 500+ ജി.എസ്.ടി 12% | 2,250 |

#### പട്ടിക-3

| ഡിവിഷന്റെ പേര് | ജോലിയുടെ പേര് | തൈകൾ സൂക്ഷിച്ചിട്ടുള്ള സ്ഥലം | തൈകൾ എത്തിച്ചുകൊടുക്കേണ്ട സ്ഥലം | തൈകളുടെ ഏകദേശ എണ്ണം | അടങ്കൽ തുക ₹ | ദർഘാസ് പത്രവില ₹ | നിരത ദ്രവ്യം ₹ |
|---|---|---|---|---|---|---|---|
| സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, പാലക്കാട് | കൂടയിലാക്കിയ (18 X 12 സെ.മീ) വൃക്ഷതൈകൾ വാഹനത്തിൽ എത്തിച്ചു കൊടുക്കൽ | ചിണ്ടക്കി നഴ്സറി | അട്ടപ്പാടി ബ്ലോക്കിലെ വിവിധ പ്ലാന്റിംഗ് സൈറ്റുകളിൽ | 7500 | 32,000 | 500+ ജി.എസ്.ടി 12% | 1,000 |

#### പട്ടിക-4

| ഡിവിഷന്റെ പേര് | ജോലിയുടെ പേര് | തൈകൾ സൂക്ഷിച്ചിട്ടുള്ള സ്ഥലം | തൈകൾ എത്തിച്ചുകൊടുക്കേണ്ട സ്ഥലം | തൈകളുടെ ഏകദേശ എണ്ണം | അടങ്കൽ തുക ₹ | ദർഘാസ് പത്രവില ₹ | നിരത ദ്രവ്യം ₹ |
|---|---|---|---|---|---|---|---|
| സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, പാലക്കാട് | കൂടയിലാക്കിയ (18 X 12 സെ.മീ) വൃക്ഷതൈകൾ വാഹനത്തിൽ എത്തിച്ചു കൊടുക്കൽ | വെങ്ങന്നൂർ, കൊടുവായൂർ നഴ്സറി | ആലത്തൂർ, നെന്മാറ ബ്ലോക്കുകളിലെ വിവിധ പ്ലാന്റിംഗ് സൈറ്റുകളിൽ | 10000 | 38,000 | 500+ ജി.എസ്.ടി 12% | 1,000 |

പട്ടിക-5

| ഡിവിഷന്റെ പേര് | ജോലിയുടെ പേര് | തൈകൾ സൂക്ഷിച്ചിട്ടുള്ള സ്ഥലം | തൈകൾ എത്തിച്ചുകൊടുക്കേണ്ട സ്ഥലം | തൈകളുടെ ഏകദേശ എണ്ണം | അടങ്കൽ തുക ₹ | ദർഘാസ് പത്രവില ₹ | നിരത ദ്രവ്യം ₹ |
|---|---|---|---|---|---|---|---|
| സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, പാലക്കാട് | കൂടയിലാക്കിയ (18 X 12 സെ.മീ) വൃക്ഷതൈകൾ വാഹനത്തിൽ എത്തിച്ചു കൊടുക്കൽ | കൊടുവായൂർ നഴ്സറി | കൊല്ലങ്കോട്, ചിറ്റൂർ ബ്ലോക്കുകളിലെ വിവിധ പ്ലാന്റിംഗ് സൈറ്റുകളിൽ | 10000 | 38,000 | 500+ ജി.എസ്.ടി 12% | 1,000 |

പട്ടിക-6

| ഡിവിഷന്റെ പേര് | ജോലിയുടെ പേര് | നഴ്സറി സ്ഥലം | ബെഡുകളുടെ എണ്ണം | അടങ്കൽ തുക ₹ | ദർഘാസ് പത്രവില ₹ | നിരത ദ്രവ്യം ₹ |
|---|---|---|---|---|---|---|
| സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, പാലക്കാട് | 50 ബെഡ് തേക്ക് സ്റ്റമ്പുകളുടെ ഉല്പാദനവും പരിചരണവും | വള്ളിക്കോട് ജില്ലാ സ്ഥിരം നഴ്സറി | 50 ബെഡ് | 2,50,000 | 625+ ജി.എസ്.ടി 12% | 6,250 |

പട്ടിക-7

| ഡിവിഷന്റെ പേര് | ജോലിയുടെ പേര് | നഴ്സറി സ്ഥലം | ബെഡുകളുടെ എണ്ണം | അടങ്കൽ തുക ₹ | ദർഘാസ് പത്രവില ₹ | നിരത ദ്രവ്യം ₹ |
|---|---|---|---|---|---|---|
| സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, പാലക്കാട് | 25000 പലജാതി തൈകൾ റൂട്ട് ട്രെയിനർ ഉപയോഗിച്ച് ഉല്പാദനവും, പരിചരണവും | വള്ളിക്കോട് ജില്ലാ സ്ഥിരം നഴ്സറി | 25000 | 1,72,500 | 500+ ജി.എസ്.ടി 12% | 4,500 |

പട്ടിക-8

| ഡിവിഷന്റെ പേര് | ജോലിയുടെ പേര് | നഴ്സറി സ്ഥലം | ബെഡുകളുടെ എണ്ണം | അടങ്കൽ തുക ₹ | ദർഘാസ് പത്രവില ₹ | നിരത ദ്രവ്യം ₹ |
|---|---|---|---|---|---|---|
| സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, പാലക്കാട് | 10000 പലജാതി തൈകൾ വലിയ കൂട തൈകളുടെ ഉല്പാദനവും പരിചരണവും | വള്ളിക്കോട് ജില്ലാ സ്ഥിരം നഴ്സറി | 10000 | 4,93,000 | 1,250+ ജി.എസ്.ടി 12% | 12,500 |

മേൽ പട്ടികയിൽ കാണിച്ചിട്ടുള്ള ജോലിയുടെ അളവ് ഏകദേശം മാത്രമാണ്. ജോലി പൂർത്തീകരിക്കുന്ന അവസരത്തിൽ അളവിൽ വ്യത്യാസം വരാവുന്നതാണ്. യഥാസമയം ജോലികൾ ചെയ്തുതീർക്കാത്തപക്ഷം നിലവിലുള്ള നിയമപ്രകാരം വനംവകുപ്പ് നിശ്ചയിക്കുന്ന പിഴ ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. മേൽപ്പറഞ്ഞ ഏതു ജോലിയും ഏതുസമയത്തും ഒരു കാരണവും കൂടാതെ റദ്ദാക്കുവാൻ താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന് അധികാരമുള്ളതായിരിക്കും. നിലവിലുള്ള എല്ലാ ദർഘാസ്/കരാർ നിബന്ധനകളും ഈ കരാറിനും ബാധകമായിരിക്കും.

കൂടുതൽ വിവരങ്ങൾ പാലക്കാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ കാര്യാലയത്തിൽ നിന്ന് പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

ദർഘാസ് ഫോറം ലഭ്യമാകുന്ന അവസാന തീയതിയും സമയവും—28-5-2021 ഉച്ചയ്ക്ക് 12 മണി വരെ.

ദർഘാസ് തിരികെ ലഭിക്കേണ്ട അവസാന തീയതിയും സമയവും—28-5-2021 ഉച്ചയ്ക്കുശേഷം 2.30 മണി വരെ.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—28-5-2021 ഉച്ചയ്ക്കുശേഷം 3 മണി.

ഏതെങ്കിലും കാരണങ്ങളാൽ 28-5-2021-ന് അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും അതേ സമയത്തും പ്രസ്തുത ദർഘാസ് നടത്തുന്നതാണ്.

മേൽപ്പറഞ്ഞ തീയതിയിൽ ടി ദർഘാസ് നടക്കാതെ വരികയോ ആരും പങ്കെടുക്കാതെ വരികയും ആണെങ്കിൽ മേൽ വിവരിച്ച നിബന്ധനകൾക്ക് വിധേയമായി 31-5-2021, 14-6-2021-ന് അതേ സ്ഥലത്തും അതേ സമയത്തും പ്രസ്തുത ദർഘാസ് നടത്തുന്നതായിരിക്കും.

## ദർഘാസ് നിബന്ധനകൾ

1. ദർഘാസ് ഫോറം പ്രവൃത്തി ദിവസങ്ങളിൽ പാലക്കാട് സോഷ്യൽ ഫോറസ്ട്രി ഓഫീസിൽനിന്നും ലഭ്യമാകുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വില ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നോ പൊതുമേഖലാ ബാങ്കിൽ നിന്നോ പാലക്കാട് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായോ പണമായോ ഒടുക്കാവുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വില ഒരിക്കൽ അടച്ചത് ഒരു കാരണവശാലും മാറ്റി നൽകുന്നതോ മറ്റ് ജോലികൾക്കുള്ള ദർഘാസ് ഫോറത്തിന്റെ വിലയിലേക്ക് മാറ്റി നൽകുകയോ ചെയ്യുന്നതല്ല.

2. ഒരാളുടെ പേരിൽ അനുവദിച്ച ദർഘാസ് ഫോറം കൈമാറ്റം ചെയ്യപ്പെടാവുന്നതോ മറ്റ് ജോലികൾക്ക് ഉപയോഗിക്കാവുന്നതോ അല്ല.

3. ദർഘാസ് സമർപ്പിക്കുന്നതിനുമുമ്പ് കരാറുകാരൻ, ദർഘാസ് കരാർ വ്യവസ്ഥകൾ പരിശോധിക്കേണ്ടതാണ്. ടെണ്ടർ ലഭിച്ചതിനുശേഷം ഇക്കാര്യത്തിലുള്ള അജ്ഞത പിന്നീട് ഒരു കാരണവശാലും കണക്കിലെടുക്കുന്നതുമല്ല.

4. കരാറുകാരൻ ദർഘാസ് സമർപ്പിക്കുന്നതിനുമുമ്പ് ജോലി ചെയ്യേണ്ട സ്ഥലവും ചെയ്യേണ്ട ജോലിയും കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ഇക്കാര്യത്തിലുള്ള അജ്ഞത പിന്നീട് ഒരു കാരണവശാലും കണക്കിലെടുക്കുന്നതുമല്ല.

5. കരാറുകാരൻ കരാർ തുക അടിസ്ഥാന നിരക്കിന്റെ ശതമാനത്തിൽ അക്കത്തിലും അക്ഷരത്തിലും നിശ്ചിത കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തിയതിൽ വ്യത്യാസമുള്ളപക്ഷം കുറഞ്ഞ തുക രേഖപ്പെടുത്തിയത് കണക്കിലെടുക്കുകയും ആയത് അംഗീകരിക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. ദർഘാസിൽ രേഖപ്പെടുത്തിയ തുക വനം വകുപ്പിന്റെ അടങ്കൽ തുകയേക്കാൾ വളരെ കുറഞ്ഞ തുകയാണെങ്കിൽ ടി തുകയ്ക്ക് ടി ജോലി ചെയ്യുവാൻ സാധിക്കുകയില്ലെന്ന് വനം വകുപ്പിന് സംശയം ജനിക്കുകയാണെങ്കിൽ ഇക്കാര്യത്തിൽ കരാറുകാരന്റെ വിശദീകരണം തേടുന്നതും ആയത് ബോദ്ധ്യപ്പെടുകയാണെങ്കിൽ പ്രത്യേക സെക്യൂരിറ്റി തുകയായി കരാർ തുകയുടെ 10% പരമാവധി ₹ 30,000 കരാറുകാരൻ കരാർ സ്ഥിരപ്പെടുത്തുന്നതിനുമുമ്പായി അടയ്ക്കേണ്ടതാണ്. കരാറുകാരൻ സമർപ്പിച്ച വിശദീകരണം ബോദ്ധ്യപ്പെടാത്ത പക്ഷം ദർഘാസ് നിരാകരിക്കുവാൻ വനം വകുപ്പിന് അധികാരമുള്ളതായിരിക്കും.

6. ദർഘാസ് ഫോറത്തിന്റെ എല്ലാ കോളവും പൂരിപ്പിക്കേണ്ടതും ദർഘാസ് അടങ്ങിയ സീൽ ചെയ്ത കവറിന്റെ പുറത്ത് ജോലിയുടെ പേര് രേഖപ്പെടുത്തേണ്ടതും അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, പാലക്കാട് എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ദർഘാസ് സ്വീകരിക്കുന്ന അവസാന ദിവസം അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയംവരെ ദർഘാസ് സ്വീകരിക്കുന്നതാണ്.

7. നിശ്ചിത സമയപരിധിയ്ക്കകം ലഭിക്കാത്ത ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

8. ദർഘാസിന്റെ കൂടെയും ₹ 200-ന്റെ മുദ്രപ്പത്രത്തിൽ തയ്യാറാക്കിയ പ്രിലിമിനറി എഗ്രിമെന്റും കൂടാതെ പൊതുമേഖലാ ബാങ്കിൽ നിന്നോ, ഷെഡ്യൂൾഡ് ബാങ്കിൽ നിന്നോ പാലക്കാട് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയി നിരതദ്രവ്യം അടക്കം ചെയ്യേണ്ടതാണ്.

9. ദർഘാസിലെ തിരുത്തലുകളിൽ കരാറുകാരന്റെ ഒപ്പുണ്ടായിരിക്കേണ്ടതാണ്.

10. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ച ദർഘാസുകൾ നിശ്ചിത സമയത്ത് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്.

11. സാധാരണയായി കുറവ് തുക രേഖപ്പെടുത്തിയ ദർഘാസ് സ്വീകരിക്കുന്നതായിരിക്കും. എന്നാൽ ഏത് ദർഘാസ് സ്വീകരിക്കുവാനോ നിരാകരിക്കുവാനോ ഉള്ള അധികാരം ദർഘാസ് അംഗീകരിക്കുന്ന ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതാണ്.

12. ദർഘാസ് സമർപ്പിച്ചതിനുശേഷം അത് പിൻവലിക്കുവാൻ കരാറുകാരന് അവകാശം ഉണ്ടായിരിക്കുന്നതല്ല.

13. കരാർ അംഗീകരിച്ച വിവരം വിജയിയായ കരാറുകാരന്റെ വിലാസത്തിൽ അറിയിക്കുന്നതും ആയത് ലഭിച്ച് 3 ദിവസത്തിനകം ₹ 200-ന്റെ മുദ്രപ്പത്രത്തിൽ കരാർ ഒപ്പിടേണ്ടതുമാണ്. ആയതിൽ വീഴ്ച വരുത്തുന്നപക്ഷം കരാറുകാരൻ സമർപ്പിച്ച നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ടി ജോലി കരാറുകാരന്റെ നഷ്ടോത്തര വാദിത്വത്തിൽ പുനർ ദർഘാസ് ചെയ്യുകയോ രണ്ടാമത്തെ ദർഘാസുകാരന് ജോലി നൽകുകയോ മറ്റ് വിധത്തിൽ ജോലി ചെയ്യുകയോ ചെയ്യുന്നതാണ്. ആയതുമൂലം സർക്കാരിലേക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാകുന്നതും അല്ലാത്തപക്ഷം കരാറുകാരന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നും റവന്യൂ റിക്കവറി നിയമപ്രകാരം ഈടാക്കുന്നതുമായിരിക്കും.

14. വിജയിയാകുന്ന കരാറുകാരൻ കരാർ തുകയുടെ 10% (പരമാവധി ₹ 5,00,000) സെക്യൂരിറ്റി അടയ്ക്കേണ്ടതാണ്. ടി സെക്യൂരിറ്റി തുക കരാർ ജോലി അവസാനിച്ച് കരാറുകാരന്റെ ബാദ്ധ്യത തിട്ടപ്പെടുത്തിയതിനുശേഷം മാത്രം തിരികെ നൽകുന്നതായിരിക്കും.

15. കരാറുകാരൻ സോൾവൻസി നടത്തിയിട്ടുള്ള വസ്തുക്കൾ കരാർ കാലാവധിയിൽ അന്യാധീനപ്പെടുത്തുവാൻ പാടുള്ളതല്ല. ഇക്കാര്യത്തിൽ ആവശ്യമായ സമ്മതപത്രം കരാർ ഒപ്പിടുന്ന സമയത്ത് നൽകേണ്ടതാണ്.

16. ദർഘാസ് തുറന്നതിനുശേഷം ലഭിക്കുന്ന യാതൊരു വാഗ്ദാനങ്ങളും സ്വീകരിക്കുന്നതല്ല.

17. കരാർ ലഭിക്കാത്ത കരാറുകാരുടെ നിരതദ്രവ്യം വിജയിയായ കരാറുകാരന്റെ ദർഘാസ് സ്ഥിരപ്പെടുത്തിയതിനുശേഷം തിരികെ നൽകുന്നതാണ്.

18. പട്ടികയിൽ കാണിച്ചിട്ടുള്ള ജോലിയുടെ അളവ് ഏകദേശം മാത്രമാണ്. നടപ്പിലാക്കുന്ന സമയത്ത് അളവിലും അടങ്കൽ തുകയിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതാണ്. യഥാർത്ഥ അളവിലുള്ള ജോലി ചെയ്യുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.

19. കരാർ പ്രകാരമുള്ള തുക ജോലി പൂർത്തിയാക്കിയതിനുശേഷം നൽകുന്നതാണ്.

20. മുകളിൽ പറഞ്ഞ ജോലികൾ ടെണ്ടർ അംഗീകരിച്ച് അറിയിക്കുന്ന മുറയ്ക്ക് ആരംഭിക്കേണ്ടതും വനം വകുപ്പ് നിഷ്കർഷിക്കുന്ന സമയത്തിനുള്ളിൽ അവസാനിപ്പിക്കേണ്ടതുമാണ്. ആയതിനുശേഷം ഒരു കാരണവശാലും സമയം നീട്ടി നൽകുന്നതല്ല. ജോലി തുടങ്ങുന്ന തീയതി മാറ്റം വരുത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

21. കൂടുതൽ വിവരങ്ങൾ പാലക്കാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ നിന്നോ പാലക്കാട്, മണ്ണാർക്കാട്, അഗളി സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ച് ഓഫീസിൽ നിന്നോ ലഭ്യമാകുന്നതാണ്.

**ജി. ഹരികൃഷ്ണൻ നായർ**
ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (എൻ.സി.).
(കേരള ഗവർണ്ണർക്കുവേണ്ടി)

സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ,
പാലക്കാട്.